# HYDEL BULLET

Issue - 7, Vol - 7, July 2019

A Monthly Publication of the Kerala State Electricity Board Engineers' Association

## വിശദീകരണയോഗം



- ഓൺ ലൈൻ ട്രാൻസ്ഫർ അപാകതകൾ പരിഹരിക്കുക.
- ഫ്ളൂയിഡ് പോസ്റ്റിംഗ് ഉപേക്ഷിക്കുക.
- കാര്യക്ഷമമല്ലാത്ത സോഫ്റ്റ്‌വെയർ പുനർ നിർണ്ണയിക്കുക.
- റീ സ്ട്രക്ച്ചറിംഗ് സുതാര്യമാക്കുക.
- പെൻഷൻഫണ്ടിന്റെ പ്രവർത്തനം ഉറപ്പുവരുത്തുക.
- അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പി.എസ്.സി.വഴി നിയമനം നടത്തുക.
- കെ ഫോൺ, സൗര, ഹൈഡൽ ടൂറിസം തുടങ്ങിയ സംയുക്ത കമ്പനികളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുക.

**Inauguration of Governing Body & Benevolent Fund meetings (2019 - 20) by Er. Ravichandar R. (at Thiruvananthapuram Engineers' House)**









**KSEB Engineers' Association**
**Office Bearers 2019 - 20**

**ASSOCIATION**

**President**
Er. N.T. Job

**Vice-Presidents**
Er. G. Shaj Kumar (S)
Er. P. Jayakrishnan (N)

**General Secretary**
Er. Sunil K

**Treasurer**
Er. Santhosh E

**Organising Secretaries**
Er. Nishanth B (S)
Er. Shine Sebastian (N)

**Secretaries**
Er. M. Muhammad Rafi (HQ)
Er. Anilkumar G (S)
Er. Nagaraj Bhat K (N)

**BENEVOLENT FUND**

**Chairman**
Er. Sajeev K

**Vice Chairman**
Er. Resmi P.S.

**Secretary**
Er. Haridas Vijayan

**Treasurer**
Er. Pradeep S.V

**Joint Secretaries**
Er. Naveen T.R (South)
Er. Pramod Kumar M (North)

**EDITORIAL BOARD**

**Chief Editor**
Er. P. Muraly

**Associate Editors**
Er. Sreekumar. P.K
Er. Anoop Vijayan
Er. Sree Lakshmi.L
Er. Priyanka P.S

**Ex. Officio Members**
Er. Sunil K
Er. Santhosh E


# HYDEL BULLET


(A Monthly Publication of the KSEB Engineers' Association)
Vol - 7 Issue - 7 July 2019


## *Contents*


- Editorial
- കമ്മി നികത്താൻ വെട്ടി നിരത്തൽ
  *Er. എൻ.ടി. ജോബ്*
- The Politics of reform and Re- Structuring in KSEBL : An Analysis
  *Er. C.P. George*
- 6 alarms coming from a substation transformer that MUST be taken very seriously
  *Er. Anoop Vijayan*
- PSC വഴിയുള്ള സ്ഥിരം നിയമനങ്ങളും കരാർ നിയമനനങ്ങളും : എന്താണ് സംഭവിക്കുന്നത് : എന്താണ് വേണ്ടത് : ഒരു അവലോകനം
  *Er. സി.പി. ജോർജ്*
- Current and future applications of HPTE insulated cables systems
  *Er. Dony C.S.*
- Have you read your USER'S MANUAL
  *Er. Thomas Kolanjikombil*
- ജീവിത വിജയത്തിനായി മുൻകരുതലുകൾ *(സുഭാഷിതം)*
  *Er. കെ. ശശിധരൻ*
- നർമ്മം *Er. ഇ.എം. നസീർ*
- Letter by Association

editorial

# PENSION FUND – Better Late Than Never

At the time of his inception as CMD, KSEBL, the present Chairman had categorically opined that the pension & terminal benefits is going to be the real challenge to the organisation and stressed the need for the operation of the Master Trust at the earliest. At that time many of the associations affiliated to the ruling parties had ridiculed it, and issued statements that the financial position of KSEBL is very sound and nobody dare to touch the pensioners' benefits. Engineers' Association appreciated the fact that Chairman had noticed our apprehension and expected that being a finance person, he would know about administering the Pension Fund and its intricacies.

But down the line, after around two years, the Master Trust is where it was, and no stone has moved till now. Very frustrating indeed! As we all know since nothing materialistic has been added to the fund, the corpus needed for the administration of the fund has increased many fold considering the current actuarial valuation. Management is trivialising the genuine concerns of employees and pensioners merely telling that, pension till now is not hindered and hence setting up of Pension Fund is a mere formality.

After looking at the current financial situation of the KSEBL, all employees and pensioners should realise that Pension Fund is now a genuine concern which cannot be ignored. State Government intervention now seems to be inevitable in formation of the Pension Fund. In fact the failure of the management to operationalise the Master Trust for pension can only be viewed as a violation of provisions of the Tripartite agreement.

The tripartite agreement had a clear roadmap towards the setting up of Pension Fund including the structure of same including the initial Corpus Fund. Contribution of State Government was also clearly mentioned. All these have remained in paper and nobody seems to be concerned. Our efforts to coordinate Associations and Unions for discussing the Master Trust also has not materialised since the imminent danger has not percolated to the employees till now. Surprisingly even our Directors who are all beneficiaries are keeping mum or are made to do so.

Our next Pay Revision as envisaged in the Tripartite Agreement is now over due. Grapevines are that KSEBL is in for a complete restructuring additionally with special rules for company being in the anvil. All these are kept as highly guarded secret endeavours. We would like to remind the management that any violations of the provisions of Tripartite agreement will have strong repercussions and can lead to disruption in the cordial employer- employee relation now prevailing in the organisation.

KSEBL is also seen venturing into very diversified businesses without fully assessing the real implications . We as an Association had timely alerted the Management against entering into these businesses without adequate supporting study. We believe Creation of Master Trust and setting up a Pension Fund will give a much higher return through goodwill and will also help our consumers in future without burdening them through tariff hike. Delhi consumers are currently bearing a surcharge on their Tariff for paying pension to the erstwhile employees of Delhi Electricity Board.

Rather than reiterating that Master Trust will be setup, Management should walk the talk. Immediate requirement is reassessing the actuarial valuation. State Government should be kept in loop as provided for in the Tripartite Agreement if needed, exclusively for rolling of Pension Fund. We haven't put pressure to State Government till now for the budgetary allocation for Pension fund for 10 years as envisaged in the Agreement. Budgetary allocation of State Government shall be reworked as per actuarial valuation and shall be aggressively demanded for and secured.

The envisaged coupon rates as per Agreement is not viable now and will have to be reworked in accordance with the current financial markets. For issuing the bonds KSEBL need to have adequate credit rating. In the current financial scenario getting a good credit rating is almost an impossible task.

KSEBL had not opted for the UDAY scheme which provided for converting utility debts to bonds covered mainly by State Governments. KSEBL had an opportunity and should have negotiated the Master trust bonds as debts of the utility which could have served the purpose of Pension fund.

KSEBL is currently in midst of an unprecedented financial crisis. Many Over Draft facilities and credit facilities are being rolled over and limits are being enhanced which attracts higher interest rates. KSEBL is hoping to tide over the situation on shoulders of current Tariff hike. But for how long this can sustain is clearly questionable. The current financial situation along with the almost absence of administration of Master Trust and Pension fund points to the poor Financial Management being implemented. It is noteworthy that all these are happening at a time when a Finance person is at the helm of affairs. This is highly unfortunate state of affairs and that too of the largest public sector of the State. We feel that there is a game plan to drive KSEBL also into the KSRTC mode through intentional mismanagement. We are keeping our fingers crossed and hope a better monsoon will be received in coming days and help creation of Master Trust and Pension Fund as envisaged in the Tripartite agreement. As the management can clearly see the unrest among the employees is gathering storm and if the management does not mend its ways we apprehend a strong back lash which the management will not be able to bear. We expect a turnaround in the style of operation of the management, for which setting up of a real functional Pension Fund can give the best possible positive signal to the employees.




# കമ്മി നികത്താൻ വെട്ടി നിരത്തൽ



*Er.* എൻ.ടി. ജോബ്
എക്സിക്യൂട്ടീവ് എൻജിനീയർ

**വി**ദ്യുച്ഛക്തി ബോർഡ് നഷ്ടത്തിൽ നിന്നും നഷ്ടത്തിലേക്കു കൂപ്പുകുത്തികൊണ്ടിരിക്കുന്നതുകൊണ്ട് ചെലവുകൾ ചുരുക്കിയേപറ്റൂ എന്ന ബോധം എല്ലാവരിലും ഉദിച്ചുയരുന്നുണ്ട്. പക്ഷെ എല്ലാവഴികളും ചെന്നു നിൽക്കുന്നത് ജീവനക്കാരുടെയും എഞ്ചിനീയർമാരുടെയും ഓഫീസർമാരുടെയും വെട്ടി നിരത്തലിലാണ്. മറ്റൊരു വഴിയും ആർക്കും കാണാനില്ല. ഇപ്പോഴുള്ളതിൽ നിന്നും കാൽഭാഗം വെട്ടിക്കളഞ്ഞാൽ സന്തോഷമാവും.

കെ.എസ്.ഇ.ബി.എൽ. ഭയങ്കര നഷ്ടത്തിലായതുകൊണ്ട്, പുതിയ കമ്പനികൾ തുടങ്ങുവാനും അതിനുവേണ്ടി ബോർഡിന്റെ ആസ്തികൾ കൊടുക്കുവാനും ഒരു ബുദ്ധിമുട്ടുമില്ല. അതിനൊക്കെ ഇഷ്ടംപോലെ പൈസ മിച്ചവുമുണ്ട്. എന്തൊരു വിരോധാഭാസമാണ് ഇത്.

ഒരു ഭാഗത്ത് ചെലവുകുറയ്ക്കുവാൻ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനു കമ്മിറ്റികളുണ്ടാക്കി മുള്ളിനെ മുള്ളുകൊണ്ടെടുക്കുന്ന തന്ത്രം പറയുന്നു. കമ്പനിയിലെ ജോലിക്കാരെകൊണ്ടു തന്നെ ജോലിക്കാരുടെ എണ്ണം കുറയ്ക്കുവാനുള്ള നിർദ്ദേശങ്ങൾ വെപ്പിക്കുക, എന്നിട്ട് മാലോകരോടു നോക്കി പറയുക, അവർ തന്നെ സ്വയം നിർദ്ദേശിച്ചതു പ്രകാരമാണ് ആളെ കുറയ്ക്കുന്നതെന്ന്.

ബുജികളെന്നു നാട്ടാർ പറയുന്ന ഒരു സംഘമാണ് ആദ്യത്തെ പ്രൊപ്പോസലുകൾ ഉണ്ടാക്കിയിരുന്നത്. അതു പുറത്തുവിട്ടപ്പോഴുണ്ടായ ഭൂകമ്പത്തെ തുടർന്ന് തല്ക്കാലത്തേക്ക് ഫ്രിഡ്ജിൽ കയറ്റിവെച്ചു. ഇലക്ഷൻ കഴിയുന്നതുവരെ അതവിടെ തന്നെ ഇരുന്നു. അതിന്റെ പേരിൽ വോട്ടൊന്നും നഷ്ടപ്പെടുവാൻ പാടില്ലല്ലോ! റിസൾട്ട് വന്നപ്പോൾ ചോർച്ചയല്ല കുത്തിയൊഴുകിയാണ് പോയതെന്ന് എല്ലാവർക്കും മനസ്സിലായി. എന്നിട്ടും ഈ വെട്ടിനിരത്തലുമായി പോകുമ്പോൾ എല്ലാവരും ചോദിക്കുന്ന ചോദ്യം മെയ്മാസത്തിൽ നിന്നും ഒന്നും പഠിച്ചില്ലേ എന്നാണ്.

മുപ്പതു വർഷം മുമ്പ് നാല്പതിനായിരം പേരോളം ഉണ്ടായിരുന്നതിപ്പോൾ മുപ്പത്തിമൂവ്വായിരത്തിലെത്തി നില്ക്കുമ്പോൾ വീണ്ടും പതിനഞ്ചു ശതമാനത്തോളം കുറച്ച് ഇരുപത്തിയേഴായിരത്തിലെത്തിക്കണമെന്ന് വാശിപിടിക്കുന്നവരൊന്നോർക്കണം, വൈദ്യുതി ശൃംഖലയുടെ നീളവും വീതിയും ഉപഭോക്താക്കളുടെ എണ്ണവും എൺപതുകളിലുണ്ടായിരുന്നതിന്റെ നാലിരട്ടിയായി കഴിഞ്ഞെന്ന സത്യം. സബ് സ്റ്റേഷനുകളുടെ എണ്ണവും, ഇ.എച്ച്.ടി. ലൈനുകളുടെ നീളവും വിതരണ ശൃംഖലയിലുൾപ്പെടുന്ന എൽ.ടി. ലൈനുകളും എച്ച്.ടി. ലൈനുകളും ട്രാൻസ്ഫോർമറുകളും

എത്രയോ ഇരട്ടിയായി കഴിഞ്ഞുവെന്നത് ചരിത്രമല്ല യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യത്തോട് ചേരുന്നതല്ല, ഈ വെട്ടിനിരത്തലിനുള്ള അത്യാർത്തികൾ.

2017 – 2018 കണക്കുകൾ പ്രകാരം ഒരു കോടി ഇരുപത്തഞ്ചുലക്ഷം ഉപഭോക്താക്കളും എഴുന്നൂറ്റി അറുപത്തിയേഴു സെക്ഷൻ ആഫീസുകളുമായി വളർന്നുപന്തലിച്ച വിതരണ ശൃംഖലയിൽ 77724 ട്രാൻസ്ഫോമറുകളും 62835 കിലോമീറ്റർ എച്ച്.ടി.ലൈനും 286784 കിലോമീറ്റർ എൽ.ടി. ലൈനുകളും പരിപാലിക്കേണ്ട ചുമതലയിലേക്ക് വിതരണ രംഗം വളർന്നുകഴിഞ്ഞു. ഇരുപതു കൊല്ലം മുൻപ് എങ്ങിനെയായിരുന്നുവോ ജോലികൾ ചെയ്തിരുന്നത് അതുപോലെ തന്നെയാണ് ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. മാനുഷികമായ അദ്ധ്വാനം കുറയ്ക്കുന്നതിനായി ഫീൽഡിൽ ഒന്നും തന്നെയുണ്ടായിട്ടില്ല. അങ്ങനെയെല്ലാം സംഭവിക്കുമെന്ന് വിളിച്ചുകൂവി ഇപ്പോൾ തന്നെ ആളുകളുടെ എണ്ണം കുറയ്ക്കുന്നതിനു ചിന്തിക്കുന്നത്, റഷ്യയിൽ മഴ പെയ്യുമ്പോൾ ഇവിടെ കുട പിടിക്കുമെന്ന പഴയ ഫിലോസഫിയുടെ പുതിയ രൂപമായി മാറും. ആധുനീകരണവും യന്ത്രവൽകൃതവുമായി ജോലികൾ മാറ്റിയെടുത്തതിനുശേഷം മാത്രമെ ഫീൽഡു ജോലിക്കാരുടെ എണ്ണം കുറയ്ക്കുന്നതിനെ പറ്റി ചിന്തിക്കുവാൻ തന്നെ പറ്റുകയുള്ളു.

പക്ഷെ നമ്മുടെ ആൾക്കാർ സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുന്ന കൂട്ടത്തിലാണ്. ആളെ കുറയ്ക്കുവാനുള്ള കമ്മിറ്റികളിലുള്ളവർ അവർ ഇരിക്കുന്ന കസേരകളും കൊമ്പുകളുമാണ് വെട്ടിയെറിയുന്നതെന്നു ഓർക്കാതെയാണ് ഓരോ പ്രോപ്പോസലുകൾ ഉണ്ടാക്കിയെടുക്കുന്നത്, ഏറ്റവും കൂടുതൽ ആളുകളെ വെട്ടിനിരത്തുന്നവർക്ക് അവാർഡ് കിട്ടുമെന്നപോലെയാണ് ഓരോ കമ്മിറ്റിയിലും ഉള്ളവരുടെ മത്സരം കണ്ടാൽ തോന്നുക. ഈ തസ്തികകൾ ഇവിടെയുണ്ടായിരുന്നതുകൊണ്ടാണ് കമ്മിറ്റിയിലിരിക്കുന്നവരെല്ലാം പി.എസ്.സി. വഴി ഇവിടെ ജോലിക്കുകയറിയതെന്നു മറക്കാതിരിക്കേണ്ടതാണ്; എന്നാൽ അത്തരം ചിന്തകളൊന്നും ഇവരെ അലട്ടാറില്ല. ആളുകളെ കുറയ്ക്കുവാൻ നിർദ്ദേശിച്ചില്ലെങ്കിൽ അങ്ങിനെയുള്ളവർ മോശക്കാരാവുമെന്ന ചിന്തയാണ് ഇവർക്കുള്ളത്. സത്യത്തിൽ വൈദ്യുതി ശൃംഖലയുടെ വളർച്ചയും വ്യാപ്തിയും കണക്കാക്കിയാൽ ആളുകളുടെ എണ്ണം കൂട്ടാനുള്ള നിർദ്ദേശങ്ങളാണ് നൽകേണ്ടത്, കുറയ്ക്കുവാനല്ല. അങ്ങനെ കൂട്ടാതിരിക്കുവാനുള്ള തന്ത്രമാണ്, കുറയ്ക്കുവാൻ ഏൽപ്പിച്ചിരിക്കുന്നത്. അപ്പോൾ പിന്നെ കൂട്ടുവാൻ ആരും നിർദ്ദേശിക്കില്ലല്ലോ.

വൈദ്യുതി ബോർഡിൽ ജോലി ചെയ്യുന്നവരൊന്നും ഈ ലോകത്തിലല്ല എന്ന രീതിയിലാണ് ഇവരുടെയൊക്കെ ചാണക്യ തന്ത്രങ്ങൾ. ആദ്യം മൂന്ന് സീനീയർ സൂപ്രണ്ടുമാരെ കൊണ്ട് ഉണ്ടാക്കിയ റിപ്പോർട്ടെന്നും പറഞ്ഞ്, ഒരു പ്രോപ്പസൽ രഹസ്യമായി പുറത്തുവിടുക, അതുണ്ടാക്കിയതെവിടെയാണെന്നറിയുവാൻ പാഴൂർ പടി വരെ യൊന്നും പോകണ്ട; ഷൊർണ്ണൂർ വരെ പോയാൽ മതി. എന്നിട്ട് അത് ഈ മൂന്നംഗ സമിതി വഴി കെട്ടിയിറക്കി, സീൻ - ഒന്നിൽ - ഈ റിപ്പോർട്ടുകൾ പരമരഹസ്യമാക്കി വെക്കുന്നു. സീൻ - രണ്ടിൽ - അതിൽ ചിലത് പുറത്തുവരുന്നു. സീൻ - മൂന്നിൽ- അതിനെതിരെ പ്രതികരണങ്ങൾ വന്നു തുടങ്ങുന്നു, പ്രതിഷേധങ്ങളിലേക്കു വഴി മാറുന്നുവെന്നു മനസിലാക്കുന്നു. സീൻ - നാലിൽ- ഇലക്ഷൻ വിളംബരം വന്നതുകൊണ്ട് ഫ്രിഡ്ജിനുള്ളിലേക്കുവെയ്ക്കുന്നു. ഇത്രയും തിരക്കഥയെഴുതിയവരുടെ ഇംഗിതമനുസരിച്ചു തന്നെ കാര്യങ്ങൾ മുന്നോട്ടുപോയി.

ഇലക്ഷൻ കഴിഞ്ഞതോടുകൂടി രംഗപടം മാറി. ഫ്രിഡ്ജിൽ നിന്നും കെട്ടുകളോരോന്നും എടുത്ത് അടുപ്പത്തുവെച്ച് ചൂടാക്കി തുടങ്ങി. ചൂടാക്കുവാൻ ഓരോ കമ്മിറ്റിയെ ഏല്പിച്ചു. ചിലർ തീകായാനുള്ളതാണെന്നു കരുതി ചില

റിപ്പോർട്ട് കത്തിച്ചുകളഞ്ഞു. ബാക്കിയുള്ള കമ്മിറ്റികൾ അതെടുത്തുപഠിക്കുവാൻ തുടങ്ങി. പഠിച്ചു തുടങ്ങിയപ്പോഴാണ് അവർക്ക് ഒരു കാര്യം മനസ്സിലായത്, ഉടനെ വിളിച്ചു പറഞ്ഞു യുറേക്കാ, യുറേക്കാ, മൂന്നംഗ കമ്മിറ്റിക്കാർ പറഞ്ഞതിനേക്കാൾ കൂടുതൽ തസ്തികകൾ വെട്ടികളയാം. എന്തൊരുകണ്ടുപിടുത്തമായിരുന്നെന്നോ; അവർക്കെന്തായാലും നോബൽ സമ്മാനം ഉറപ്പ്.

കമ്മിറ്റികളിൽ ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കെ പരമ രഹസ്യമായി വെച്ചിരുന്ന മൂന്നംഗ സമിതിയുടെ റിപ്പോർട്ടുകൾ ഒരു പ്രത്യേക സംഘടനയുടെ വാട്ട്സപ്പ് ഗ്രൂപ്പിൽ പ്രത്യക്ഷപ്പെട്ടു, അതോടെ കള്ളന്മാർ കപ്പലിൽ തന്നെ എന്നു വിളിച്ചുകൂവികൊണ്ട് റിപ്പോർട്ടുകൾ വെളിച്ചം കണ്ടു. എന്തൊരു ഔദാര്യം; ഇല്ലെങ്കിൽ ഇതൊന്നും ആർക്കും തന്നെ കാണുവാനേ പറ്റില്ലായിരുന്നു.

ഇനി ചൂടാക്കുവാനേൽപ്പിച്ച കമ്മിറ്റികൾ ഉണ്ടാക്കുന്ന റിപ്പോർട്ടുകളുമായി താരതമ്യം ചെയ്യുവാൻ ഒരു അടിസ്ഥാന പട്ടികവേണമല്ലോ. എന്നിട്ട് പറയണം മൂന്നംഗ സമിതിയുണ്ടാക്കിയതിനേക്കാൾ എത്രയോ ഭേദമാണ് പുതിയ കമ്മിറ്റികൾ ഉണ്ടാക്കിയ റിപ്പോർട്ടുകൾ. ഇല്ലെങ്കിൽ എത്ര തസ്തികകൾ ഇല്ലാതാകുമായിരുന്നു; സന്തോഷത്തിനിനി എന്തുവേണം. ഭയങ്കര സംഭവമായി കൊട്ടിഘോഷിക്കാം. കമ്മിറ്റിക്കാരെ ധീരന്മാരായി പ്രഖ്യാപിച്ച് ഗുഡ് സർവ്വീസ് കൊടുക്കാം. അപ്പോൾ ഈ തന്ത്രങ്ങളുടെയെല്ലാം വക്താക്കൾ ഉള്ളിലൊരു വക്രിച്ച ചിരിയുമായി പറയുന്നുണ്ടാവും വൈദ്യുതി ബോർഡിലെ ജീവനക്കാരെയും എഞ്ചിനീയർമാരെയും ആഫീസർമാരെയും പറ്റിച്ചുവെന്ന്. ഈ തന്ത്രങ്ങളുടെ വക്താക്കളെല്ലാം പുതിയ കമ്പനികളുടെ ഡയറക്ടർമാരായിമാറി കഴിഞ്ഞിട്ടുണ്ടാവും.ഫീൽഡുജോലികൾ കാര്യമായി ചെയ്യാത്ത അവർ ഫീൽഡുജീവനക്കാരെ വെട്ടിക്കുറച്ചതിന്റെ അവാർഡുകൾ ഏറ്റുവാങ്ങും.

മൂന്നു വർഷം കൊണ്ട് ആറായിരം പേർ റിട്ടയർ ചെയ്യുമ്പോൾ പി.എസ്.സി. വഴി ഒരാളെപ്പോലും നിയമിക്കാതിരിക്കുവാനുള്ള സകല വഴിമരുന്നുകളുമിട്ടാണ് റിപ്പോർട്ടുകൾ സമർപ്പിച്ച് കമ്മിറ്റികൾ സായൂജ്യമടയുക.

പി.എസ്.സി. വഴി ആരേയും നിയമിക്കാതെ ജോലിക്കാരെയെല്ലാം കരാറടിസ്ഥാനത്തിൽ നിയമിച്ച്,അതുവഴി പലർക്കും പലതും സമ്പാദിക്കുവാനുള്ള വഴിയൊരുക്കികൊടുക്കും. അത്തരത്തിൽ കരാറടിസ്ഥാനത്തിൽ വെക്കുന്നവരുടെ സംഘടനയുണ്ടാക്കി അതിന്റെ തലപ്പത്ത് കയറിയിരുന്നാൽ മുഴുവനായി. ചാരിതാർത്ഥ്യത്തിനിനിയെന്തുവേണം.

വൈദ്യുതി ബോർഡിന്റെ ചെലവിൽ ഭൂരിഭാഗവും, അതായത് എണ്ണായിരം കോടി രൂപയോളം സംസ്ഥാനത്തിനു പുറമെനിന്നും വൈദ്യുതി കൊണ്ടുവരുന്നതിന് ചെലവാകുന്നതിൽ ആർക്കും പരിഭവമില്ല, അതിൽ ആർക്കും വിരോധവുമില്ല.

നാലുരൂപയും അഞ്ചു രൂപയും ഒരു യൂണിറ്റു വൈദ്യുതിക്കു തന്നോളാമെന്ന് ഇരുപത്തിയഞ്ചുകൊല്ലത്തേക്കു കരാറെഴുതി വെച്ചിരിക്കുകയാണ്. ഇപ്പോൾ അഖിലേന്ത്യാ തലത്തിൽ വൈദ്യുതി വില താഴ്ന്നുകൊണ്ടിരിക്കുകയാണെന്ന് എല്ലാവർക്കും അറിയാം. എന്നിട്ടും കരാറുകൾ മാറ്റിയെഴുതപ്പെടണം എന്ന് ആരും ചിന്തിക്കുന്നില്ല.ഡൽഹിയിലെയും ആന്ധ്രാപ്രദേശിലെയും സർക്കാരുകൾ ജനങ്ങളുടെമേൽ ഭാരമായി നില്ക്കുന്ന ഇത്തരം കരാറുകൾ റദ്ദാക്കി പുതിയ കരാറുകൾ വിലക്കുറവിൽ ഉണ്ടാക്കുവാൻ തീരുമാനമെടുത്തു മുന്നോട്ടു പോകുമ്പോഴും നമ്മുടെ സംസ്ഥാനത്ത് അത്തരം ഒരു ചിന്തയേയില്ല. ഇവിടെ ജീവനക്കാരെയും പെൻഷൻകാരെയും ബാധിക്കുന്ന വിഷയത്തിലാണ് കൈവെക്കുവാൻ താൽപര്യം,

നഷ്ടം നികത്താനാണ് തസ്തികകൾ കുറയ്ക്കുന്നതെന്ന വാദഗതി മുന്നോട്ടെടുക്കു

ന്നവർ തന്നെയാണ് ഒരാവശ്യവുമില്ലാതെ പകൽ നേരം മാത്രം വൈദ്യുതി ഉല്പാദിപ്പിക്കുന്ന സോളാർ പദ്ധതികൾക്കായി കോടികൾ മുടക്കുവാൻ തയ്യാറായി നിൽക്കുന്നത്. ബോർഡ് മാനേജ്മെന്റിൽപ്പെട്ട സർക്കാർ പ്രതിനിധികളെല്ലാം എതിർത്തിട്ടും സോളാർ പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. അതിനൊരു കമ്പനിയുണ്ടാക്കി യാതൊരു മാനദണ്ഡവുമില്ലാതെ കുറച്ചുപേരെ ഡയറക്ടർമാരാക്കി അവർക്കെല്ലാം കാറും മറ്റ് ആനുകൂല്യങ്ങളുമെല്ലാം നൽകി തീറ്റിപ്പോറ്റാമെന്നല്ലാതെ അഞ്ചുപൈസയുടെ ഉപകാരം വൈദ്യുതി ബോർഡിനില്ല എന്ന കാര്യം ഏതു കുഞ്ഞുകുട്ടിക്കും അറിയാം. കമ്പനിയുടെ ഡയറക്ടറായാൽ റിട്ടയർ ചെയ്താലും മൂന്നുവർഷം വരെ തുടരാമെന്നുള്ളതുകൊണ്ട് കൂടിയാവാം നേതാക്കളെല്ലാം ഇത്തിൾകണ്ണികളെപോലെ വൈദ്യുതി ബോർഡിൽ പറ്റി സോളാർ പദ്ധതികളുടെ കമ്പനിയിലേക്കു കാലുംനീട്ടിയിരിക്കുന്നത്. അള്ളി പിടിച്ചിരുന്നു വൈദ്യുതി ബോർഡിൽ നിന്നും രക്തം ഊറ്റിക്കുടിച്ച് ബോർഡിനെ പാപ്പരാക്കി ഇവർ ഇനി പുതിയ കമ്പനി ഡയറക്ടർമാരായിമാറുമെന്ന കാര്യത്തിൽ തർക്കംവേണ്ട. കാലം കുറെയായി വൈദ്യുതി ബോർഡ് വൈദ്യുതി നല്കുവാൻ തുടങ്ങിയിട്ട്. കാലപ്പഴക്കം വന്ന ഈ ലൈനുകൾ പൊട്ടിവീണ് അപകടം നടന്നാൽ അറസ്റ്റ് ചെയ്യുന്നത് ഫീൽഡു ജീവനക്കാരെയാണ്, അല്ലാതെ ആളെ കുറയ്ക്കുവാൻ പാടുപെടുന്ന കമ്മിറ്റിക്കാരെയല്ല. വൈദ്യുതി ശൃംഖല പരിപാലിക്കുവാനുള്ള ആളുകളെ ഇനിയും കുറച്ച് അപകടങ്ങൾ പെരുകുമ്പോൾ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുവാൻ ആളെ കുറയ്ക്കുവാൻ ക്വാട്ടേഷൻ എടുത്തവരെ വരിവരിയായി നിറുത്തണം.

ചില ബുജികൾക്ക് ഭരണ സ്വാധീനം ഉള്ള സമയത്ത് എന്തെങ്കിലും തരികിടകൾ ചെയ്ത് വൈദ്യുതി ബോർഡിൽ സമൂലമായ മാറ്റങ്ങൾ വരുത്തിയെന്നു വിളിച്ചുകൂവിയില്ലെങ്കിൽ ഉറക്കം കിട്ടില്ല. കുറച്ചുകാലം മുൻപാണ് സെന്റർ ചാർജുള്ള ലൈൻമാൻമാരെല്ലാം അഴിമതിക്കാരാണെന്ന വ്യാജേന സെന്റർ ചാർജെല്ലാം എടുത്ത് കളഞ്ഞ് മോഡൽ സെക്ഷൻ എന്ന സംവിധാനം വരുത്തിയത്. ഇത് നടത്തണമെന്ന് വാശിപിടിച്ചവർ ഒന്നോർക്കുന്നത് നല്ലതാണ്. നിങ്ങളുടെ വാശി പിടുത്തത്തിൽ പൊലിഞ്ഞു വീണത് നിരവധി ജീവനുകളാണ്. 2009 നു മുമ്പും അതിനുശേഷവുമുള്ള അപകടങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധന സൂക്ഷിച്ചു വിശകലനം ചെയ്താൽ കാര്യം മനസ്സിലാവും. ഇന്ന് ലൈനുകളിൽ ജോലിക്കു കയറുന്നവർക്കു സപ്ലൈ സംവിധാനത്തെക്കുറിച്ച് ഒരു ചുക്കും അറിയാതെയാണ് കയറി ജോലി ചെയ്യുന്നത്. എന്നാൽ മുമ്പ് അങ്ങനെയല്ലായിരുന്നു. സെന്റർ ചാർജ് ഉള്ളവർക്കു കറന്റ് വരുന്ന വഴികളെക്കുറിച്ച് നല്ല വിവരമുണ്ടായിരുന്നു. ഇന്ന് വിങ്ങുകളാണ്, അവർക്ക് വിവരവുമില്ല. പിടഞ്ഞു വീഴുവാൻ നിയോഗിക്കപ്പെട്ട ഒരുകൂട്ടം ബലിയാടുകൾ. എന്നിട്ട് അതും കൊട്ടിഘോഷിക്കും. എന്തൊക്കെയാണ് നടക്കുന്നത് ? ഓരോ വർഷവും ഇരുപത്തഞ്ചു ബോർഡ് ജീവനക്കാരും അതിലേറെ അല്ലാത്തവരും പിടഞ്ഞുവീഴുകയാണ്. ഇരുപത്തഞ്ചു വർഷത്തെ കണക്കെടുത്താൽ അറുന്നൂറോളം പേരെ കുരുതിയ്ക്കു കൊടുക്കുന്ന ഒന്നാണ് നമ്മുടെ വൈദ്യുതിശൃംഖല. അവിടെ ഇനിയും ആളുകളെ കുറച്ച് എന്തുചെയ്യുവാനാണ് ഇവർ ലക്ഷ്യം വെയ്ക്കുന്നത്. ഇനിയും കൂടുതൽ കൂടുതൽ ആളുകളെ ബലി കൊടുക്കുവാനോ ! ഈ കുറയ്ക്കുവാൻ ഓടി നടക്കുന്നവർക്കു മനഃസാക്ഷിയെന്നൊന്നില്ലേ.

ജോലി യന്ത്രവൽകൃതമാക്കി, അദ്ധ്വാന ഭാരം കുറച്ചുകൊണ്ട് വന്നതിനുശേഷം ആളെ കുറയ്ക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിനു യുക്തിയുണ്ട്. മോഡൽ സെക്ഷൻ ആയതിനു ശേഷം വഴി നീളെ പോസ്റ്റുകളിലും ലൈനുകളിലും വള്ളികൾ പടർന്നു നിൽക്കുന്നത് കേരള മൊട്ടൊക്കെ കാണുന്ന പ്രതിഭാസമാണ്.

എന്നിട്ടും മോഡൽ സെക്ഷൻ നല്ലതാണെന്നു പറഞ്ഞ് വീമ്പിളക്കല്ലേ. മോഡൽ സെക്ഷൻ നടപ്പിലാക്കിയതിന്റെ പേരിൽ നടക്കാതെ പോകുന്ന മെയിന്റനൻസ് ജോലികൾ ഇപ്പോൾ സബ്ഡിവിഷനുകളിലേക്കു ഏല്പിക്കുവാൻ പോകുകയാണ്. വലത്തെ കാലിലെ മന്ത് ഇടത്തെ കാലിലേക്കു വെയ്ക്കുന്നു എന്നല്ലാതെ എന്തു പറയാൻ. എന്നിട്ട് സെക്ഷൻ ആഫീസിലെ ലൈൻമാൻമാരുടെയും വർക്കർമാരുടെയും സബ് എഞ്ചിനീയർമാരുടെയും എണ്ണം മൂന്നിലൊന്നാക്കി കുറയ്ക്കുന്നു. ബാക്കി കുറച്ചുപേരെ സബ്ഡിവിഷനിലേക്കു മാറ്റി മിച്ചം വരുന്ന തസ്തികകൾ വേണ്ടെന്നു വെയ്ക്കുന്നു. ഇവരുടെ വെട്ടിക്കുറയ്ക്കലുകൊണ്ട് സെക്ഷനിലെ ലൈനിന്റെ നീളവും വീതിയും കുറയുന്നില്ല. മൂന്നിലൊന്നു ജീവനക്കാരെ കൊണ്ടുവേണം ഈ വൈദ്യുത ശൃംഖലയിലെ പരാതികൾ പരിഹരിക്കുവാൻ. അപകടങ്ങൾ പെരുകുമെന്നുപറയുവാൻ ഒരു പണിക്കരുടെയും ആവശ്യമില്ല. അത് പെരുകുക തന്നെ ചെയ്യും. തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതും പോരാ, ആളുകളെ കൊലയ്ക്കുകൊടുക്കുവാൻ ഓരോ സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണോ.

നാളെ അപകടങ്ങൾ വർദ്ധിക്കുമ്പോൾ, ഈ കമ്മിറ്റിക്കാരെ വെറുതെ വിടരുത്. ഇപ്പോഴുള്ള സംവിധാനത്തിൽ നിന്നും സെന്റർ സംവിധാനത്തിലേക്കു ഒരു തിരിച്ചുപോക്കാണ് യഥാർത്ഥത്തിൽ വേണ്ടത്. അല്ലാതെ ഓരോരുത്തരുടെയും തലയിൽ ഉദിക്കുന്ന തുഗ്ലക്ക് പരിഷ്കാരങ്ങളിലൂടെ ബലിയാടുകളെ സൃഷ്ടിക്കുകയല്ല.

രണ്ടു വർഷങ്ങൾക്കു മുൻപ് വിദ്യുച്ഛക്തി ബോർഡിന്റെ കീഴിലുള്ള സബ്സ്റ്റേഷനുകളും ടവർ ലൈനുകളും ചില കുത്തക കമ്പനികൾക്ക് ഇരുപത്തഞ്ചുവർഷത്തേക്കു പാട്ടത്തിനു നല്കി. അവർ മുതൽ മുടക്കു നടത്തി ഉണ്ടാക്കുന്ന പുതിയ സംവിധാനത്തിലൂടെ കറന്റ് ഒഴുക്കുന്നതിന് നമ്മൾ യൂണിറ്റ് ചാർജ് നല്കുകയെന്ന പരിഷ്ക്കാരം നടപ്പിലാക്കുവാൻ ചില വ്യക്തികൾ കിണഞ്ഞു ശ്രമിച്ചിരുന്നു. അന്ന് അതിനെ ശക്തമായി എതിർത്തതുകൊണ്ടാണ്, ഇന്നും സബ്സ്റ്റേഷനുകളും ലൈനുകളും കെ.എസ്.ഇ.ബി.യുടെ കയ്യിൽ തന്നെയിരിക്കുന്നത്. അത്തരക്കാർ ഇനിയും അവശേഷിക്കുന്നതുകൊണ്ട് പ്രസരണരംഗത്ത് നിർദ്ദേശിക്കുന്ന പരിഷ്കാരങ്ങളെല്ലാംതന്നെ ഈ കച്ചവട താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലായിരിക്കും. അവർ പ്രസരണ രംഗം വീതം വെച്ച് വില്പന നടത്തും.

സബ്സ്റ്റേഷനുകളുടെ എണ്ണവും ടവർ ലൈനുകളുടെ നീളവും കൂടികൊണ്ടിരിക്കുമ്പോൾ ജീവനക്കാരുടെയും എഞ്ചിനീയർമാരുടെയും തസ്തികകൾ ഒഴിവാക്കുവാൻ ഇവർക്കൊക്കെ എങ്ങിനെ നിർദ്ദേശം നല്കുവാനാകുന്നു എന്നത് അത്ഭുതപ്പെടുത്തുന്നു.

അതിനായി സബ്സ്റ്റേഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചാൽ മതിയെന്നാണ് മൂന്നംഗ സമിതിയും പുതിയ കമ്മിറ്റിക്കാരുടെയും കണ്ടുപിടുത്തം.

അങ്ങനെയാണെങ്കിൽ ഡയറക്ടർമാരുടെ തസ്തികയിലും ചീഫ് എഞ്ചിനീയർമാരുടെ തസ്തികയിലും കരാർ അടിസ്ഥാനത്തിൽ ആളെ വെച്ചാൽ പോരേ? എന്തിനാണ് സ്ഥിര ജീവനക്കാരെന്ന് ചോദിക്കാം. പക്ഷെ വൈദ്യുതി ബോർഡിന്റെ നന്മ ലക്ഷ്യമാക്കി പ്രവർത്തിക്കണമെങ്കിൽ സ്ഥിരം ജീവനക്കാർതന്നെ ഓരോ തസ്തികയിലും ഉണ്ടാവണം; അവർക്കുമാത്രമെ സ്ഥാപനത്തിനോടു ആത്മാർത്ഥതയുണ്ടാവുകയുള്ളു. കരാറടിസ്ഥാനത്തിൽ വരുന്നവർക്ക് കരാർ കാലാവധിയിൽ എങ്ങിനെയെങ്കിലും തള്ളി നീക്കിയാൽ മതി.

സബ്സ്റ്റേഷനുകളെല്ലാം എ.എം.സി. കരാറുകളിലേക്കു മാറ്റാനും അവിടെ നിന്നെല്ലാം ജീവനക്കാരെ ഓടിച്ചുവിടാനും അതിനുശേഷം

സബ്സ്റ്റേഷനുകളും ലൈനുകളും കുത്തക കമ്പനികൾക്കു കൈമാറാനുള്ള തട്ടകം ഒരുക്കുന്ന തരത്തിലാണ് ചിന്താഗതികളുടെ പോക്ക്. ഇതൊരിക്കലും നടത്തുവാൻ അനുവദിക്കരുത്.

എഴുന്നൂറ്റമ്പതു കോടി യൂണിറ്റ് വൈദ്യുതി ഓരോ വർഷവും ഉല്പാദിപ്പിച്ച്, മൂവ്വായിരം കോടി രൂപയുടെ വരുമാനം വൈദ്യുതി ബോർഡിനുണ്ടാക്കുന്ന ജനറേഷൻ വിഭാഗത്തെയും വെട്ടിനിരത്തൽ കമ്മിറ്റി ഒഴിവാക്കിയിട്ടില്ല. അനുവദിച്ച തസ്തികകളിൽ പകുതി പേർ മാത്രം ജോലിചെയ്യുന്ന ജനറേഷൻ വിഭാഗത്തിൽ അതിന്റെയും പകുതി പേരെ മാത്രം നിലനിർത്തിയാൽ മതിയെന്നാണ് മൂന്നംഗ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട്. ഇത്തരത്തിൽ അവിടെയുള്ള ആളുകളെ ഓടിച്ച് വിട്ട്, ജനറേറ്ററുകൾ ഓടിക്കുവാൻ പറ്റാതാക്കി, ഓരോ സ്റ്റേഷനുകളും പൂട്ടി സീൽവെച്ച് അത്രയും വൈദ്യുതി പവർ പർച്ചേസിലൂടെ വാങ്ങികൂട്ടാമെന്ന വ്യാമോഹവും ഇത്തരക്കാരെ നയിക്കുന്നുണ്ടെന്നതാണ് വിചിത്രം.

അല്ലെങ്കിൽ തന്നെ Man-online ട്രാൻസ്ഫർ ആയതുകൊണ്ട് വിതരണ രംഗത്ത് നിന്നും ഓടിപ്പോരുന്നവർ ഒന്നോ രണ്ടോ കൊല്ലത്തേക്ക് ജനറേറ്റിംഗ് സ്റ്റേഷനുകൾ സന്ദർശിച്ച് മടങ്ങിപ്പോകും. വിതരണ രംഗത്ത് അരക്ഷിതാവസ്ഥയും അറസ്റ്റും അപകടങ്ങളും നിലനിൽക്കുന്നതിനാൽ അവിടെ നിന്നും ആത്മരക്ഷാർത്ഥം ഓടി വരുന്നത് പ്രസരണ രംഗത്തേക്കും ജനറേറ്റിംഗ് സ്റ്റേഷനുകളിലേക്കും ആണ്. ആയതുകൊണ്ട് അവിടുത്തെ തസ്തികകൾ പരമാവധി കുറച്ച് ഓടി കയറുവാൻ സ്ഥലമില്ലാതാക്കി വിതരണരംഗത്തു തന്നെ ഉറപ്പിച്ചു നിറുത്താനുള്ള ഗൂഢതന്ത്രവും ജനറേഷൻ രംഗത്തെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുപിന്നിലുണ്ട്. നമ്മുടെ നാടൻ ഭാഷയിൽ പള്ളം എന്നു പറഞ്ഞാൽ പുഴ ബള്ളമാണ്. പുഴയുടെ തീരം എന്നർത്ഥം. പുഴയുടെ തീരങ്ങളിലാണ് ബലിതർപ്പണം. വാവുബലിക്ക് എല്ലാവരും പുഴയോരത്തെത്തും ബലിയർപ്പിക്കുവാൻ.

സിവിൽ വിഭാഗത്തെ മൊത്തമായി പള്ളത്തേക്കാണ് കൊണ്ടുപോകുന്നത്. അവിടെ നിന്നും ബംഗാളികളെ പണിയെടുക്കുന്നതിനായി വിളിക്കുന്നതുപോലെ വിളിക്കുമ്പോൾ വരുവാനായി ബാഗും പിടിച്ച് വരിവരിയായി നില്ക്കുന്നുണ്ടാവും സിവിൽ എഞ്ചിനീയർമാർ. അവർക്ക് ഉത്തരവാദിത്തങ്ങളൊന്നും ഏല്പിക്കാതെ അടിമകളുടെ നിലവാരത്തിലേക്കു കൊണ്ടു പോകുകയാണ്. ആരെങ്കിലും വിളിച്ചാൽ അവരുടെകൂടെ പോകണം, അല്ലാതെ സ്ഥിരമായ തസ്തികകൾ ഇല്ലാത്ത ഒരു വ്യവസ്ഥിതി. വിതരണം, പ്രസരണം, ഉല്പാദനം മേഖലകളിലേക്കു സബ് എഞ്ചിനീയർമാരെയും അസിസ്റ്റന്റ് എഞ്ചിനീയർമാരെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ആവാഹിച്ച് പള്ളത്ത് ബലിയിടുവാനായി വെച്ചിട്ടുണ്ട്. അവരെ വിട്ടുതരും. എത്ര അധഃപതനമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ഈ കമ്മിറ്റിക്കാരൊന്നും മനസ്സിലാക്കുന്നില്ല. പ്രതിവർഷം മൂവ്വായിരം കോടി രൂപയുടെ വരുമാനമുണ്ടാക്കുന്ന ഡാമുകളും പവർഹൗസുകളും പണിതുയർത്തിയത് ഈ സിവിൽ വിഭാഗമാണെന്ന കാര്യം ഈ കമ്മിറ്റിക്കാരെല്ലാം ഓർക്കുന്നത് നല്ലതാണ്.

എന്നാൽ ഫീൽഡുജീവനക്കാരും എഞ്ചിനീയർമാരും ചെയ്യുന്ന ജോലികളുടെ കണക്കെടുപ്പുമാത്രം നടത്തുന്ന ചില കോർപ്പറേറ്റ് ഓഫീസുകളിൽ ഇരിക്കുന്നവർക്കു തസ്തിക നഷ്ടങ്ങളൊന്നും ഇല്ല. അവരെല്ലാം വിരമിക്കുന്നതുവരെ അത്തരം തസ്തികകളിലുണ്ടാകുകയും ചെയ്യും. അവർക്കൊരു മാറ്റവുമുണ്ടാവില്ല. അത്തരക്കാരാണ് ഫീൽഡിലെ വെട്ടിനിരത്തലുകൾക്ക് പിൻസീറ്റ് ഡ്രൈവുകൾ നടത്തുന്നത്. അവർ ഒരിക്കലും മുമ്പിൽ നെഞ്ചു വിരിച്ചു നിൽക്കില്ല. കർട്ടനു പിന്നിലെ ചരടുകളാണ് അവരുടെ ലക്ഷ്യം. യാതൊരു തത്വദീക്ഷയുമില്ലാതെയുള്ള വെട്ടിനിരത്തലുകൾ എതിർത്തു തോല്പിച്ചേ മതിയാവൂ.

✵

# THE POLITICS OF REFORM AND RE-STRUCTURING IN KSEBL: AN ANALYSIS



**Er. C.P. George**
*Deputy Chief Engineer*

With the enactment of EA-2003 the power utilities in the country have been gone through a flood of changes and in many states they were functionally unbundled as envisaged in the various provisions in the reform act. Subsequently, these utilities made appropriate restructure and reform in their organisational structure and programmed to empower their HR according to the needs of the changed environment. Actually, the reform act, the GoI policies, GoI directives and guidelines, the subordinate regulations from CEA & CERC have cut a clear direction and rail for the reforms and restructure process. As such, with the national grid in place with free flow of electricity envisaged for any point of the country to any other point, the state utilities have no other option but to use the "rail and road" laid down by the central bodies for smooth and efficient function of their utilities.

In Kerala, we have decided against the unbundling and continued as an integrated utility due to various reasons and impressions. Again, to satisfy the statutory requirement envisaged in the Electricity Act, the utility has restructured as an integrated company with three Strategic Business Units (SBU) namely SBU-Generation (SBU-G), SBU–Transmission(SBU-T) and SBU - Distribu tion (SBU-D). The SLDC is also working under the SBU-T. But the organisational restructure and reforms happened only in the documents and practically, the entire organisation continued to work in the same old structure with the same HR in the same environment. As such, no changes in the organisational structure has been made nor any changes in the HR hierarchy has implemented to ensure the functional efficiency of the SBUs based on the new structure. Moreover, the environmental changes that happened in the country consequent to the reform act and the technological changes with automation adopted by the power sector over a period of time ends up at compulsions for changes in the organisational structure and HR hierarchy.

Based on the directive of Honourable KSERC and the recommendation of various independent agencies, KSEB has requested consultancy assistance from IIM Kozhikode (during 3/2014) to support the entity to transform itself to a best power utility by adopting state of the art technologies, retraining its quality manpower resources and developing innovative and sustainable schemes to excel in service delivery.

The report "Enhancing Service Quality and Organizational Effectiveness in KSEB Ltd" prepared by the Indian Institute of Management, Kozhikode was received during 2015. Later based on the request of the KSEBL management during 2/2017 some additional work related to the recommendation on the organization structure and explicit recommendations for career and training needs along with the restructuring of some of the departments in the corporate office [which include offices of the Chief Engineer (HRM),Secretary (Administration), Chief Personnel Officer, Chief Engineer (Commercial and Tariff), Chief Engineer (Supply Chain Management) and Chief Engineer (REES)] were entrusted to IIM-K and they have submitted their report and explicit recommendations by 9/2017.

As such, the management has been fully equipped with a professional study report from IIM-K on various organization functions by 9/2017 and should have initiated appropriate actions to carry out relevant reforms and restructure in the organization in its right perspective. The natural course of action would have been to initiate discussion on the report with various stake holders including the departmental heads, senior officers, employee unions, Officer Associations etc. Such an initiative would have opened relevant issues and would have defined the scope in implementing the recommendations. Moreover, a direct discussion of the report would have carried the process to a better level of understanding among stake holders.

But instead of such transparent and natural ways in reforrm approach, the management mysteriously decided to go with a three-member sub-committee consists of two first level ministerial officers and a staff, who know nothing about various functional and technical complexities of the organization. In the prevailing complex power sector scenario, two first level ministerial officers were entrusted to draft specific proposals for optimization and deployment of manpower up to the level of Departmental Heads including Chief Engineers in various offices of KSEBL!

The very objective of such a subcommittee is questionable considering the fact that the IIM-K report itself have explicit in its recommendations on optimization of HR and its deployment. Moreover the competency and credibility of such a subcommittee consists of first level ministerial officers to undertake on such a task is questionable and direct mockery of the official hierarchy and competency of senior officers and engineers in this organization. The decision of the management to entrust the responsibility to decide up on the optimization of HR up to level of departmental head or Chief Engineer Level to some first level ministerial officers may be considered as the craziest thing in the history of any of the organization. The conceptual level of these subcommittee members to the various aspects and complexities are obvious to everyone in the organization and the quality of few excerpt from reports those made available to the employees

created chaos among employees in the organization. Moreover, the selection of the members, the lack of transparency involved in their selection and the lack of transparency in the process of evolution of their reports are objectionable and put doubts on the very intention and credibility of the management in implementing appropriate reform and restructure to enhance the efficiency and effectiveness of the organization.

We agree that the management have the right to accept or reject any part or full of the IIM-K report that suits according to the best of the organizational performance. If the management feels that some recommendation is not suitable for the best interest of the organization, they may implement those recommendation of which they are fully convinced or accepted by various stake holders. They may also go for a second opinion with equally or better qualified professional opinion before accepting any of the recommendations. But tampering with a professional report as per the whims and fancies of some vested interest through the pretext of some incompetent subcommittees who themselves are adversely affected, question the credibility of the decision and cannot be accepted. The lack of transparency of the management with respect to the subcommittee reports also puts doubts on the credibility and their real intentions. As such, I may state that, the present management has created an environment of mistrust, loss of faith and lack of credibility with respect to the reform and restructure in the organization.

To add to the woes, four new committees have been constituted by the Board vide order dated 27/04/2019. It is unfortunates that instead of taking appropriate decisive steps on the explicit recommendation of the IIM-K report, the KSEBL management is trying to tamper with the professional reports and its recommendations through specifically nominated committees. We have received the report from IIM-K for "enhancing service quality and organization effectiveness" as early as 2015 and the report on additional works related to corporate office by 9/2017. The engineers, officers and staff in the organization have enough competency to go through the reports and recommendations to conceive it's spirts to the good of the organization. The deliberate attempt by the management to tamper with the spirits and recommendations in the professional report from IIM-K through crafted committee are evident from the identity of the nominated committee members their track records and affiliations.

Instead of initiating direct discussion on the IIM-K reports and recommendations among departmental heads, senior officers, employees' unions and officers' associations along with relevant stake holders, the management is mysteriously avoiding a direct discussion on the reports and its explicit recommendations. Even the newly formed committee has been carefully constituted by avoiding departmental heads and senior engineers who have vast experience and proven records in relevant fields. The qualification and virtue for most of the members in the

committee is the membership in a particular Association and with the present management philosophy they qualified as an expert in the field without any further proven records or relevant experience in the field. The objective and intention of these committee are in doubt due to the lack of credential of most of the members in the committee and lack of availability of the departmental heads and engineers with far better credentials. It is pity that, a management that vigorously promote APAR played too low in constituting such critical committees that decides the future of the organization. Kindly not note that the generation committees is headed by an engineer from Civil wing who do not even have the functional experiences in the relevant field of operation and maintenance of hydro generating stations where our generation is nearly 100% from hydro! And the committee for corporate office do not include a Chief Engineer, though we have so many Chief Engineers working in corporate Office as departmental heads. As such, it is observed that the management is not serious about any reform and restructure and playing to the tune of some vested interests to avoid direct discussion on the IIM-K report, which provided explicit recommendation on deployment on non performing employees and offices.

**Conclusion.**

The direction of reform and the extent of restructure required in the organization is very much defined in its functions, statutory regulations and with the adoption of technologies for mechanization and modernization. Restructure and redeployment must go in hand with modernization, computerization and mechanization along with the functional division of the utility. Electricity is the fundamental requirement of every human being in the world and KSEBL is not the only utility in world that handle electricity for the consumers. My request to the management is to open their eyes to acknowledge the functional systems in the good performing utilities in India or abroad and emulate the good things through transparent discussions and interactions. We have a competent HR and they are the real asset to the organization. Train them and use them to carry out the future tasks with a vision. Make a road map for reform and re-structure with transparency and reasons. And do not manipulate the good will of the employees.

✵

**Letters to the Editor**

**കത്തുകൾ അയക്കേണ്ട വിലാസം**

Chief Editor, Hydel Bullet
KSEB Engineers' Association, Panavila,
Thiruvananthapuram - 01,
Phone : 0471 - 2330696

hydelbulletin@gmail.com 9447577588

✍ മലയാളത്തിലുള്ള ലേഖനങ്ങൾ എഴുതി തയ്യാറാക്കിയോ, PDF ഫോർമാറ്റിലോ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

# 6 alarms coming from a substation transformer that MUST be taken very seriously



*Er. Anoop Vijayan*
Assistant Engineer

## Transformer alarms

Transformers are the most expensive piece of apparatus in a power substation and therefore must have appropriate protection equipment installed to guard against various faults. This technical article explains a few internal transformer faults that make an alarm in a substation. For substation crew it's always important to understand what is going on inside a transformer and why.



In order to react properly in faulty situations it's important for operator to understand how internal protection mechanisms of a transformer work. For example, switching operators must not energize any substation transformer that has tripped off on fault.

When confronted with this situation the substation operators must:

1. Check all associated relay panels and log protection flags
2. Visually inspect the transformer
3. Contact in-charge person from control center and inform of exact details of the fault.

- *From the above information and following consultation with the relevant person from the substation control center, a decision can be made* ***whether or not to re-energise the transformer****. Further investigations may be required.*

Together with the usual type of protection relays (i.e. overcurrent, earth fault) used elsewhere on the system, transformers have additional protection.

These include alarms and trips that guard against:

1. Low oil level alarm
2. Gas build up and oil surge (Buchholz trip)
3. Winding temperature (overheating)
4. Oil temperature (overheating)
5. Malfunction of an earthing compensator (differential/restricted earth fault)
6. Over-excitation

- *Unless approval is given by the relevant in-charge person from a substation control center, a switching operator must never attempt to put a substation transformer which has tripped on protection back into service, because of the risk that energizing the transformer could do further damage.*

## 1. Low Oil Level Alarm

Some substation transformers have an inbuilt alarm on the conservator tank level gauge (see Figure 1). **If the oil level falls below a preset level** an alarm will be triggered. These alarms are usually relayed to the control center.

**Two types of oil level indicators** are shown on Figure 1 below.

***The Type 1 oil level indicator*** *shows the expected oil level at different oil temperatures. The conservator oil level is correct when the conservator gauge temperature is the same as the temperature reading shown on the transformer oil temperature gauge.*

**Type 2 is simply an oil level gauge.** If no low oil alarm is available on the conservator, a Buchholz gas alarm will also indicate if the oil level is low. This is due to the float arrangement inside the transformer Buchholz relay activating either for a build-up of gas from inside the transformer, or from the oil level reduction in the relay housing.



Figure 1 – Substation transformer oil level gauge

If flagging indicates a low oil level, investigations must be carried out to find if the problem is sufficient to warrant de-energization of the transformer until the oil level can be increased. If the flags indicate **'Buchholz gas alarm'** the transformer must be taken out of service as soon as possible and investigations made to find if the cause of the alarm was minimum oil level or gas build up from inside the tank.

- *Gas build up is an indication that **some form of overheating or arcing** has occurred in the transformer windings due to a fault or maybe due to air trapped in the relay as a result of inadequate bleeding from a previous inspection.*

Gas in the Buchholz relay should always be removed for analysis.

## 2. Buchholz Trip

**The most important function of the Buchholz is to trip the transformer when:**

1. Internal fault causes a surge of gas or oil from inside the transformer, or
2. The main oil level of the transformer drops below the Buchholz relay.

These points are important because the quicker these faults can be removed, the least amount of damage will result inside the transformer.

- *Detailed investigation must be carried out to find the exact cause of a Buchholz trip. The transformer must not be put back into service until the exact corrective measures have been taken.*

For any Buchholz trip alarm, the appropriate technical staff must be brought in to take samples of gas or oil via the Buchholz bleeder valves for chemical analysis. This analysis gives positive indication on the exact type of fault and its extent. Decisions can then be made about the transformers future.

Note that some transformers have **an additional Buchholz pressure-activated relay** fitted for the tap changer tank.




Buchholz relay

## 3. Winding Temperature

**The winding temperature indicator is to:**

1. Start auxiliary cooling fans and/or oil pumps
2. Activate an over-temperature alarm, and
3. Initiate a trip of the transformer circuit breakers if the temperature continues to rise

- *Switching operators should be aware that regular inspection of a transformer should be carried out to make sure all auxiliary cooling fans or pumps are in working order. If these items become defective the transformer cannot be run to its full capacity.*

For example, a 20/27MVA transformer will run at 20MVA without any cooling equipment, but at 27MVA with all cooling equipment running.



Figure 3 – Transformer temperature control

**If a winding temperature alarm is activated it is normally due to either:**

1. An overload of the transformer causing heat increase, or
2. Malfunction of cooling equipment causing a heat increase in the transformer.

- ***Operation of the winding temperature alarm** must be treated seriously and immediate attention given to rectifying the problem.*

Inspection of the transformer and its loading will dictate what action needs to be taken. The winding temperature circuit is connected so that extra cooling facilities (fans/pumps) are activated before the alarm/trip function.

See Figure 3 above.

- *The temperature values as shown in Figure 3 are typical values and may vary on different transformers. Care should be taken when testing cooling fans and pumps to ensure that the control circuits are restored to normal operation after testing is complete.*

## 4. Oil Temperature

**This protection has two main purposes:**

1. To initiate an oil over-temperature alarm, and
2. To initiate oil over-temperature tripping of the transformer circuit breakers.

The alarm and trip settings on this protection are set **lower than the winding temperature gauge.** This is due to the fact that the heat generated by the windings is dissipated through the cooling medium (oil) and so the alarm setting on the oil gauge (95° C) roughly corresponds to the alarm setting on the winding gauge (120° C) (see Figure 3).

Oil and winding protection can be used singularly or both together, they are used for the same purpose. One acts as a backup for the other, ensuring efficient protection of the transformer. Where a transformer is not fitted with pumps and fans, usually only an oil temperature alarm is fitted.

As mentioned previously, an alarm or trip on either oil or winding temperature protection, must be viewed seriously.

- *The response to a transformer winding or oil temperature alarm is* ***to check the transformer load and confirm all cooling is functional****. Relocating load may be considered as a solution or a decision to temporarily shut the transformer down may be made. This would allow time for the transformer to cool and for further tests if necessary.*

Where a transformer trips on winding or oil temperature the transformer should not be re-energized until approval is given by the relevant person in substation control center.

## 5. Malfunction of an Earthing Compensator

An earthing compensator transformer is used on power transformers with a delta secondary supplying feeders or a delta tertiary winding which supplies reactors or station supply transformers (See Figure 4 below).

The earthing compensator provides an earth reference on the delta winding, facilitating the detection of earth faults on connected apparatus.




Figure 4 – Earthing compensator

**Earthing compensator transformers are used:**

1. To allow a return path for earth currents in the event of faults on the circuits connected to the winding
2. To reduce fault current level
3. To allow measurement of earth currents for various types of transformer protection, and
4. To limit the rise in voltage on the sound phases in the event of a fault.

- *The earthing compensator transformer is an integral part of the operation of the main transformer.* ***If it becomes defective or for some reason malfunctions, the main transformer must also be taken out of service.***

## 6. Over-Excitation of Transformers

Transformers are designed for operation over a range of voltages which ensure that the core is not over excited. Over-excitation of the core, due to operation at higher than design voltages, causes magnetic saturation of the core leading to overheating and possible damage to the core.

Transformers should always be operated within the normal design range of voltages.

- *Normally, transformer is designed to operate at or below a maximum magnetic flux density in the transformer core. Above this design limit the eddy currents in the core and nearby conductive components cause* ***overheating which within a very short time may cause severe damage.***

The magnetic flux in the core is proportional to the voltage applied to the winding divided by the impedance of the winding. The flux in the core increases with either increasing voltage or decreasing frequency.

During startup or shutdown of generator-connected transformers, or following a load rejection, the transformer may experience an excessive ratio of volts to hertz, that is, become overexcited.

- *When a transformer core is overexcited, the core is operating in a non-linear magnetic region, and creates harmonic components in the exciting current.* ***A significant amount of current at the 5th harmonic is characteristic of overexcitation.***

***Source:*** *https://electrical- engineering-portal.com*

# PSC വഴിയുള്ള സ്ഥിരം നിയമനങ്ങളും കരാർ നിയമനങ്ങളും : എന്താണ് സംഭവിക്കുന്നത് : എന്താണ് വേണ്ടത് : ഒരു അവലോകനം

Er. സി.പി. ജോർജ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

ആദ്യം തന്നെ പറയട്ടെ; ഇതു കരാർ ജോലിയെ അല്ല, കരാറിലുള്ള HRനിയമനങ്ങളുടെ രാഷ്ട്രീയം ആണ് വിലയിരുത്തുന്നത്. അതും പരിപാലന മേഖലയിലെ കരാർ ജോലികളെ പറ്റി മാത്രം.

പരിപാലന മേഖലയുടെ ഏറ്റവും വലിയ പ്രത്യേകത ഒരു പ്ലാന്റിന്റെയോ ഒരു ശ്യംഖല യുടെയോ കാര്യക്ഷമമായ പരിപാലനത്തിന് ടി പ്ലാന്റിലെയും അല്ലെങ്കിൽ അതേ ശ്യംഖല യിലെയും പ്രവർത്തന പരിചയം അത്യാവശ്യ മാണ് എന്നതാണ്. ഈ അടിസ്ഥാന ആവശ്യം കണക്കിലെടുക്കാതെ ചെയ്യുന്ന എല്ലാ തീരു മാനങ്ങളും ദുരുപധിഷ്ടിതമാണ് എന്ന് പറ യാൻ എനിക്ക് യാതൊരു മടിയും ഇല്ല.

ചുരുക്കി പറഞ്ഞാൽ പരിപാലന ജോലി കളിൽ സ്ഥിരം ജീവനക്കാരുടെ ആവശ്യകതെ യപ്പറ്റി യാതൊരു തർക്കവും ഭരണ തലങ്ങ ളിൽ ഉണ്ടാവേണ്ടതില്ല എന്നതാണ് വാസ്തവം.

എന്നാൽ KSEBL-ലെ പരിപാലന ജോലി കളിൽ കരാറിന്റെ അതിപ്രസരം വന്നു ചേർന്നത് എന്തുകൊണ്ടെന്ന് നാം അറിയേണ്ട തുണ്ട്.

കാലാനുസൃതമായ മാറ്റങ്ങൾക്ക് പുറം തിരിഞ്ഞു നിൽക്കുകയും തലതിരിഞ്ഞ പരിഷ്കാരങ്ങൾ നടപ്പാക്കുകയും ചെയ്ത തിന്റെ തിക്തഫലങ്ങളെപ്പറ്റി കൃത്യമായ അവ ലോകനങ്ങളും തുറന്ന ചർച്ചകളും നടന്നാൽ തന്നെ അതിന്റെ പ്രധാനമായ ഒരു ഉൽപന്ന മാണ് പല O &M കരാറുകളും കരാർ നിയമന ങ്ങളും എന്ന് ആർക്കും ബോദ്ധ്യമാകുന്നതാ ണ്.

ജനറേറ്റിംഗ് സ്റ്റേഷനുകളിലെ ട്രേഡ് നിയ മനങ്ങൾ നിറുത്തലാക്കിയതാണ് അവിടത്തെ O & M ലേക്ക് കരാർ ജോലികളുടെ കടന്നുക യറ്റത്തിന് കാരണമെന്ന വസ്തുതയെങ്കിലും മനസ്സിലാക്കുകയും അക്കാര്യം അംഗീകരിക്കു കയും ചെയ്താൽ തന്നെ മുന്നോട്ടുള്ള പല കാര്യങ്ങൾക്കും കാര്യക്ഷമ മായ പരിപാലന ത്തിനും ദിശയും ഉത്തരവാദിത്വവും ഉണ്ടാകു മെന്നത് പകൽപോലെ വ്യക്തം.

സ്ഥിരം നിയമനത്തിലൂടെ ഓരോ സ്റ്റേഷ നുകളിലും തുടർച്ചയായി ജോലി ചെയ്തുണ്ടാ കേണ്ട നൈപുണ്യങ്ങളെയും കഴിവുകളേയും തമസ്കരിച്ച് എല്ലാവരെയും LM ആക്കിയ തോടെ ഉൽപാദന കേന്ദ്രങ്ങളിലെ ജോലി നൈപുണ്യത്തിന്റെ ആവശ്യകത സ്ഥാപനം തിരസ്ക്കരിച്ചതിന് തുല്യമായി കണക്കാക്ക പ്പെട്ടു എന്നു പറയാതെ വയ്യ.

അവിടെ തുടങ്ങി ഉൽപാദന മേഖലയിലെ കരാർ ജോലികളുടെ കടന്നുകയറ്റം.... അതി നുശേഷം അത് വിവിധ തലങ്ങളിലേക്ക് കട ന്നുകയറിക്കൊണ്ടിരിക്കുന്നു. അതിനുള്ള എല്ലാ സൗകര്യങ്ങളും നമ്മുടെ സംഘടനകൾ ചെറിയ ചെറിയ സ്വാർത്ഥ താൽപര്യങ്ങൾ മാത്രം മുൻപിൽ കണ്ട് ചെയ്തുകൊ ടുത്തുകൊണ്ടിരിക്കുന്നു. സ്ഥലം മാറ്റങ്ങൾ വെറും ഇൻഡക്സ് കേന്ദ്രീകൃതവും ജോലികൾ യാന്ത്രികവും ആകുമ്പോൾ. നൈപുണ്യ ത്തിനും കാര്യക്ഷമതക്കും വിലയില്ലാതാകു മ്പോൾ ആരെക്കൊ ണ്ടും ഏതു ജോലിയും എങ്ങനെയും എപ്പോഴും ചെയ്യിക്കാമെന്ന മിഥ്യാധാരണയിൽ എല്ലാ ജോലികളെയും

സാമാന്യവൽ ക്കരിക്കപ്പെടുമ്പോൾ കരാറുകാരുടെ ഊഴം തനിയെ വരവായി...

അത് ഇപ്പോൾ സബ് സ്റ്റേഷനുകളിലെയും ജനറേറ്റിംഗ് സ്റ്റേഷനുകളുടെയും ഓപ്പറേറ്റിംഗ് സ്റ്റാഫിന്റെ രൂപത്തിലെന്നു മാത്രം.

ഉൽപാദന കേന്ദ്രങ്ങളുടെ കാര്യക്ഷമതയെപ്പറ്റിയും യന്ത്രങ്ങളുടെ ജീവിതദൈർ ഘ്യത്തെപ്പറ്റിയും ചിന്തിക്കാതെ ആരെക്കൊണ്ടും പ്രവർത്തിപ്പിക്കാമെന്ന് സാമാന്യവൽക്കരിച്ച ശേഷം കരാറുകാരെ ഏൽപിക്കാൻ വഴികളൊരുക്കുന്നത് ആരാണ്..... ? !

അതിന്റെ തിക്താനുഭവങ്ങളുടെ കണക്കുകൾ കേൾക്കാനും പഠിക്കാനും കരാറിൽ വരുന്ന ഉന്നത മാനേജുമെന്റിനും ഡയറക്ടർമാർക്കും സമയമെവിടെ.... ?

അവർക്ക് അവരെ നിയമിച്ചവരുടെ സന്തോഷവും ഉദ്ദേശലക്ഷ്യങ്ങളുമാണല്ലോ പ്രധാനം..... !!!

സ്ഥിരം ജീവനക്കാരെ മാറ്റി കരാറിൽ എത്തിയാൽ കാര്യങ്ങൾ ഒരു സ്ഥലത്തു നിന്നും നിയന്ത്രിക്കാവുന്ന മൊത്തക്കച്ചവടത്തിനുള്ള സൗകര്യങ്ങളും ലാഭങ്ങളും ഓർത്താൽ എങ്ങോട്ടാണ് പോക്ക് എന്നു വ്യക്തം. ?

PSC ലിസ്റ്റ് നിലവിലിരിക്കെ കൃത്യമായും വ്യക്തമായും സുതാര്യമായതുമായ റോഡുമാപ്പില്ലാതെ സ്ഥിര നിയമനങ്ങൾ നടത്താതിരിക്കുന്നതും കരാർ നിയമനങ്ങളുടെ അനിവാര്യതയിലേക്ക് കാര്യങ്ങളെ കൊണ്ടുചെന്നെത്തിക്കുന്നതിന്റെയും പിന്നിലെ ഉദ്ദേശ ശുദ്ധി സംശയിക്കപ്പെടാതിരിക്കുന്നതെങ്ങനെ ?

കരാർ നിയമനങ്ങൾ KSEBL ന് ലാഭകരമാണ് എന്നൊരു മിഥ്യാധാരണ പലർക്കും ഉണ്ട്. എന്നാൽ എന്താണ് വാസ്തവം... ?

ഇങ്ങനെ കരാർ കൊടുക്കുന്ന പല ജോലികൾക്കും ഇപ്പോൾ കാര്യമായ പ്രാധാന്യം ഇല്ലാത്തതും ചെയ്യാവുന്ന ഇന്നല്ലെങ്കിൽ നാളെ ഓട്ടോമേഷനിൽ ഇല്ലാതാവുന്നതും ആണ്.

ഉദാഹരണമായി PGCL - 400 kV സബ് സ്റ്റേഷൻ പോലും ഓപ്പറേറ്ററില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇങ്ങനെയുള്ള പല ജോലികളും ഓട്ടോമിഷനിലൂടെ കൺട്രോൾ സെന്ററുകളിലേക്ക് മാറ്റപ്പെടേണ്ടവയാണ്. മാത്രമല്ല troubleshooting നു പോലും സാദ്ധ്യതയില്ലാത്ത ജോലികൊണ്ട് ജോലി ചെയ്യുന്നവർക്ക് അനുഭവജ്ഞാനമോ KSEBL ന് കാര്യഫലമോ ഉണ്ടാകുന്നില്ല.

ജോലി ചെയ്യുന്നതിനു സാങ്കേതിക വൈദഗ്ദ്ധ്യമല്ല ഇൻഡെക്സ് ആണു നിയമനത്തിന് എന്നു തീരുമാനിക്കുമ്പോൾ തന്നെ അതു പരിപാലനത്തിലെ അനുഭവജ്ഞാനത്തിന്റെ ആവശ്യകതയുടെ കടയ്ക്കൽ കത്തി വയ്ക്കുന്നതാണ് എന്നതാണ് വാസ്തവം.

അതുപോലെ തന്നെ ഉള്ള ഒരു മിഥ്യാ സങ്കൽപം ആണ് ഇന്ത്യൻ സാഹചര്യങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഔട്ട്സോഴ്സ് ചെയ്യുന്നതിലെ പരിപാടിയുടെ കാര്യക്ഷമത.

പലപ്പോഴും ഔട്ട് സോഴ്സ് ചെയ്യുന്നത് ഒറ്റ നോട്ടത്തിൽ കാര്യക്ഷമമെന്നു തോന്നുമെങ്കിലും വസ്തുതാപരമായി ഇതു പല മേഖലയിലും സത്യമല്ല എന്നതാണ് വാസ്തവം.

പ്രാവിണ്യവും വൈദഗ്ദ്ധ്യവും ആവശ്യമില്ലാത്ത മേഖലകളിലും സിവിൽ ജോലികളുടെ മേഖലകളിലും ഒരു പരിധിവരെ ഔട്ട്സോഴ്സ് ചെയ്യുന്നത് ശരിയായിരിക്കാം......

